# “Authentic Beats” Digital Magazine



## Our School

# ST THOMAS HS



# KOORACHUND

# Saint Thomas
# The Apostle





**Rev. Fr James Vamattathil**
**School Manager**

# HEADMISTRESS’S MESSAGE




**ലിറ്റിൽ കൈറ്റ്സിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാ നന്മകളും ആശംസിക്കുന്നു. .ഒൻപതാം ക്ലാസിലെ കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ ഏറെ മനോഹരമാണ് .വിജ്ഞാനപ്രദവും സാങ്കേതിക വിദ്യയുടെ മികവും കാണിച്ചു തരുന്ന മാഗസിന് വേണ്ടി പ്രയത്നിച്ച എല്ലാ കുട്ടികളെയും അഭിനന്ദിക്കുന്നു .ഇവർക്ക് നേതൃത്വം നൽകിയ സെജീഫ് സാർ ,ഷിനി ടീച്ചർ എന്നിവർക്ക് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു .**

**ലിസി ജോസഫ് .എം**

**Headmistress**



**കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കൊപ്പം സഞ്ചരിച്ചു കൊണ്ട് നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിന് സമൂഹത്തിൽ ഒത്തിരി ചലനങ്ങൾ ഉണ്ടാക്കുവാൻ സാധ്യമാകട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു. ഈ മാഗസിന് വേണ്ടി പ്രയത്നിച്ച എല്ലാവരെയും ആത്മാർത്ഥമായി  അഭിനന്ദിക്കുന്നു.**

**ബെന്നി കുര്യാക്കോസ്**

**PTA President**

**WE PROUDLY PRESENT OUR DIGITAL MAGAZINE**

# AUTHENTIC BEATS

## EDITORIAL TEAM

# താളുകൾ മറിക്കുമ്പോൾ


| | | |
|---|---|---|
| 1 | അന്ധവിശ്വാസം | 10 |
| 2 | A Speech | 11 |
| 3 | ബാല്യകാലം | 13 |
| 4 | Biodiversity | 14 |
| 5 | ക്രിക്കറ്റ് പിച്ച് | 15 |
| 6 | The Detective Mind | 18 |
| 7 | എന്റെ കേരളം | 19 |
| 8 | എന്റെ ഓർമ്മകൾ | 20 |
| 9 | Technologies influence on education | 22 |
| 10 | Fire and Ice | 24 |
| 11 | Friendship | 25 |
| 12 | Greeting Card | 26 |
| 13 | Horn-bill | 27 |
| 14 | Little kites | 29 |
| 15 | എന്റെ സ്വപ്നത്തിലെ  ഇന്ത്യ | 36 |
| 16 | Inspiring thoughts for teenagers | 37 |
| 17 | ഇരുണ്ട രാത്രികൾ | 39 |
| 18 | വ്യഥയുടെ നെരിപ്പോടുകൾ | 40 |
| 19 | കൂട്ടുകാരന് | 42 |
| 20 | Leo Tolstoy | 43 |

# താളുകൾ മറിക്കുമ്പോൾ


| | | |
|---|---|---|
| 21 | മാതൃഭാഷ | 44 |
| 22 | Nature | 45 |
| 23 | പ്രകൃതിയും മനുഷ്യനും | 48 |
| 24 | Influence of thought | 50 |
| 25 | Mysterious life stone | 53 |
| 26 | ചിന്തകൾ | 55 |
| 27 | ഇനനെ കാത്ത് | 57 |
| 28 | ഇലഞ്ഞിപ്പൂക്കൾ | 59 |
| 29 | Vote of thanks | 63 |

# അന്ധവിശ്വാസം

**Aleena Saji. IX.D**

യുക്തിഭദ്രമോ ശാസ്ത്രീയമോ അല്ലാത്ത വിശ്വാസമാണ് അന്ധവിശ്വാസം. ഇത് നാട്ടിൻപുറങ്ങളിലെ ജനങ്ങൾക്കിടയിൽ




വളരെയധികമാണ്.പ്രകൃതിപ്രതിഭാസങ്ങളെപ്പറ്റിയും രോഗങ്ങളെപ്പറ്റിയും മരണത്തെപ്പറ്റിയും മരണാനന്തരജീവിതത്തെപ്പറ്റിയുമെല്ലാമുള്ള നിരവധി അന്ധവാശ്വാസങ്ങൾ നമ്മുടെ നാട്ടിൽ പ്രചാരത്തിലുണ്ട്.

ഉദാഹരണത്തിന് വസൂരി എന്ന രോഗം ദേവീകോപം മൂലമാണ് ഉണ്ടാകുന്നത് എന്നത് ഒരു അന്ധവിശ്വാസമാണ്. ദേവി വിത്തുവിതച്ചാണത്രേ രോഗം പരത്തുന്നത്! എന്നാൽ ശാസ്ത്രത്തിന്റെ വികാസത്തോടെ ഈ വിശ്വാസം കുറെയൊക്കെ മാറുകയുണ്ടായി. അതുമൂലം ശരിയായ ചികിത്സക്ക അവസരം ലഭിച്ചു. മരുന്നുകൾ കഴിക്കുന്നത് പാപമാണെന്ന് കരുതുന്ന ആളുകളുണ്ട്.മനോരോഗികളെ മന്ത്രവാദികളെക്കൊണ്ട് തല്ലിക്കുന്നത് അപരിഷ്കൃതരുടെ അന്ധവിശ്വാസത്തിന്റെ ഫലമാണ്. അന്ധവിശ്വാസം പലവിധ അനാചാരങ്ങൾക്കും വഴിതെളിക്കുന്നുണ്ട്. അതുകൊണ്ട് അവ മാറ്റേണ്ടത് അനിവാര്യമാണ്.

ശാസ്ത്രം എത്ര പുരോഗമിച്ചാലും അന്ധവിശ്വാസങ്ങൾ കുറെയൊക്കെ നിലനിൽക്കും. പല വിശ്വാസങ്ങളും മനസ്സിന്റെ സംതൃപ്തിക്കായി മനുഷ്യൻ രൂപകല്പന നടത്തുന്നതാണ്. അത്തരത്തിൽ ഒരു സാമൂഹികമാനം അന്ധവിശ്വാസങ്ങൾക്കുണ്ട്. അതായത് ചില വിശ്വാസങ്ങൾ ലംഘിക്കപ്പെടുന്നത് ജനങ്ങളുടെ മാനസിക നിലതെറ്റിക്കും. ഈ കാഴ്ച്ചപ്പാടിന് ഇന്ന് പ്രാധാന്യം ഏറി വരികയാണ്.

അപകടകരമായ അന്ധവിശ്വാസങ്ങൾ നശിപ്പിക്കേണ്ടത് അത്യാവശ്യമാണ്. നിരക്ഷരരുടെ ഇടയിലാണ് ഇത് അധികവും നിലനിൽക്കുന്നത്. അതുകൊണ്ട് സാക്ഷരതാപ്രവർത്തനത്തിൽ അന്ധവിശ്വാസങ്ങളെ ഇല്ലാതാക്കുന്നതിന് വളരെയേറെ പ്രാധാന്യമുണ്ട്. അക്ഷരം പഠിക്കുന്നതുതന്നെ ദേവീകോപം ക്ഷണിച്ചുവരുത്തും എന്ന രീതിയിലുള്ള അന്ധവിശ്വാസം പോലും ചിലർക്കിടയിൽ നിലനിൽപ്പുണ്ടെന്നാണ് കൗതുകം.

# A speech

Jeevan Joy. IX E

Goodmorning to all,

Today I wish to speak a few words about smoking and alcohol. A lot of people suffer from the consequences of smoking and drinking alcohol, which often leads to addiction. The word 'addiction' is a very powerful word in this sense, as it means the physical and psychological craving for a substance that develops into a dependency, and continues even though it is causing the addicted person physical, psychological and social harm. The disease of addiction is chronic and progressive; it can lead to extremely dangerous outcomes. This applies to both smoking, and alcohol addiction. Smoking is not just a bad habit, but also a complex addiction.




Experts believe that nicotine exerts its powerful addictive Smoking increases the risk of suffering from heart diseases, stroke, other lung diseases and other respiratory illnesses. The body develops horrific reactions to the daily onslaught of smoking. It damages the blood vessels in the legs and arms for example, which lead to restricted circulation

and even amputation of the limbs. Also, a smoker addict will eventually start getting eye irritations (which leads to blindness), foul smelling hair, hair loss and even start developing a loss of smell. All of these reactions are due to the dangerous chemicals cigarettes contain. One example of such a chemical is hydrogen cyanide, which can lead to headaches, nausea, dizziness and vomiting. Whilst breaking the physical addiction to nicotine is hard, for many smokers breaking the habit - the psychological addiction - is much harder. This is mainly because smoking is likely to have become deeply ingrained over many years, and has therefore become an integral part of many emotional occasions. Sad or unhappy, bored or having to concentrate hard, happy and relaxed with friends - cigarettes are likely to have played a part in almost all of these situations.

# ബാല്യകാലം

MEHRIN FATHIMA
**VIII.C**



കുഞ്ഞിളം ചുണ്ടിൽ എന്നും വിടർന്നിടും
ഒരു നറു പുഞ്ചിരി അതുമാത്രം
മധുരമായ് തോന്നിടും കയ്പുള്ള നെല്ലിപോലും
ഒരു ചെറുകടലാസുപോലും കളിപ്പാട്ടമായിടും

ഊഞ്ഞാലുപോലുംമൊരുത്സാഹമാക്കിയും
കടലാസു വഞ്ചിയുണ്ടാക്കിയും
എന്നിൽ നിന്നും അകന്നുപോയൊരു
വസന്ത കാലം

എന്തിനു മറ്റൊന്നതേറെയോർത്താൽ
മധുരം പകരാൻ ഈ ഓർമ്മകൾ പോരെയോ
മായ്ക്കുവാൻ ശ്രമിച്ചാലും മായാതെ പിന്നെയും
എൻ ഓർമ്മതാളുകളിൽ എന്നും എന്നുംആ 'കൊച്ചു ബാല്യകാലം'.

# BIODIVERSITY

DIYA MIRSHA .IX.D




-

**Although environments would be shifting and involving regardless of human influence, it is necessary to understand that humans are causing the rate of change to become particularly dangerous.**

**- Environmental conditions are changing so quickly that individual species as well as entire ecosystems are struggling, and often failing, to adapt.**

**- For the reasons, it is very important that we protect biodiversity and the natural environment.**

# ക്രിക്കറ്റ് പിച്ച്

**Alfa Fathima IX.D**

ചില ഗേറ്റുകൾ അവൾക്ക് തുറക്കാനോ കഴഞ്ഞില്ല. ഗേറ്റു തുറന്നാൽതന്നെ കുരച്ചുപാഞ്ഞെത്തുന്ന പട്ടിക-
ളെ ഭയപ്പെട്ട് അകത്തു കയറാനും കഴിയുന്നില്ല. കയ-
റിയ ചില വീടുകളിലാകട്ടെ ആളുകളുമില്ല. ആളുകളു-
ള്ള വീട്ടിൽ തുറിച്ച കണ്ണുകളുമായി നിരീക്ഷിച്ചു നി-
ന്നല്ലാതെ എന്തെങ്കിലും തരാനും മടിച്ചു. മടങ്ങുംമ്പോ
ൾ സംശയം വേരോടിയ ചില വാക്കുകൾകൂർത്ത കല്ലുകളായി പതിഞ്ഞു. ഗേറ്റും ക-
ടന്ന് അവൾ അലസമായി നടന്നു .
തോളിൽ തൂക്കിയ തുണിത്തൊട്ടിലിൽ തളർന്നുറ-
ങ്ങുകയായിരുന്ന കുട്ടി വിശപ്പു സഹിക്കാനാവാ-
തെ അസ്വസ്ഥതകൾ പ്രകടിപ്പിച്ച് വീണ്ടും ഉണർന്നു
തുടങ്ങിയിട്ടുണ്ട്.
അപ്രതീക്ഷിതമായി ഹർത്താലായതാണ് വലിയ
പ്രശ്നമായത്.എവിടെയോ വെട്ടിക്കൊല നടന്നിട്ടുണ്ടത്രേ....ഒരു കടയും തുറന്നിട്ടില്ല.നിരത്ത് വിജനമാണ്.അപൂർവമായി ബൈക്ക് മാത്രം കടന്നുപോകുന്നു .അവൾ കയ്യിലുള്ള ചില്ലറപൈസകൾ വെറുതെ കുലുക്കിക്കൊണ്ട് നിരാശയോടെ ദീർഘനിശ്വസമുർത്തു.
വയർ കത്തിക്കാളുന്നുണ്ട്.എങ്ങനെയെങ്കിലും ഭക്ഷണം
കണ്ടെത്തണം . അല്ലെങ്കിൽ ഇവൻ കരഞ്ഞു സ്വൈര്യം തരില്ല. മാർഗങ്ങളൊന്നായി അവളുടെ കണ്ണുകൾ പരതി.വീടുകളുടെ മുന്നിലൊന്നും ആരെയും കാണുന്നില്ല. അകത്തു ടെലിവിഷനിൽ നിന്ന് മുഴങ്ങുന്ന ശബ്ദകോലാഹലം .

വെയിലിൻെറ തീക്ഷ്ണതയിൽ ഒരു ഐസ് കഷ്ണം പോലെ ഇപ്പോൾ ഉരുകിത്തീരുമെന്ന് തോന്നി. അത്രമേൽ ശരീരം വിയർത്തൊഴുകുന്നുണ്ട്.കുടിക്കാൻ അല്പം വെള്ളം കിട്ടുന്നകാര്യം എളുപ്പമല്ല.

അരികിലൂടെ പറുക്കെപ്പോയ ബൈക്കിൻെറ പിറകിൽ ഇരിക്കുന്നവൻ അവളുടെ പിൻഭാഗത്ത് തഴുകിത്തലോടി. സങ്കടവും കലിയും മൂത്ത് മൂന്ന് പച്ചത്തെറി വിളിച്ചു.

അപ്പോൾ തുണിത്തൊട്ടിലിൽ നിന്ന് കുട്ടി കരഞ്ഞുകൊണ്ടെഴുന്നേറ്റു.അവനെയെടുത്ത് തോളിൽകിടത്തി സമാധാനിപ്പിക്കാനുള്ള ശ്രമങ്ങളെല്ലാം പരാജയപ്പെട്ടു.

അപ്പോഴാണ് ഗേറ്റുതുറന്നുകിടക്കുന്ന വീടിനുമുന്നിൽ വലിയകോലാഹലം ശ്രദ്ധിച്ചത്. ധാരാളം പേർ ചേർന്ന് വലിയ സ്ക്രീനിൽ ക്രിക്കറ്റ് കളി കണ്ട് ആസ്വദിക്കുകയാണ്. ഇടയ്ക്കിടെ സിക്സെന്നും ഫോറെന്നും പറഞ്ഞ് അവർ ആരവം മുഴക്കുകയാണ്. അവിടേക്കു കയറിയതും ഒരാൾ വന്ന് ചോദിച്ചു: “എന്താ ....എന്താ വേണ്ടത്?”
“കഴിക്കാനെന്തെങ്കിലും ......കുഞ്ഞിന്..”.
“ഇന്ന് ഇവിടെ ഹർത്താലിൻെറ ആഘോഷാ....പോരാത്തതിന് ക്രിക്കറ്റ് മാച്ചും. മൊതലാളി കോലിയുടെ ആളാ... സച്ചിൻെറ ഒരു റെക്കോർഡ് കോലിയിന്ന് മറികടക്കാൻ സാധ്യതയുണ്ട്.. ആങ്ങനെ വന്നാ ഇവിടെ വരുന്നോർക്കൊക്കെ വയറു നിറച്ച് ബിരിയാണിയാ..ഇന്ത്യ ജയിച്ചാലും ചെലവുണ്ട്....ഇനി വെറും ഇരുപത് ഓവറേ ഉള്ളൂ... വേണോങ്കി ഇവിടെ ഇരുന്ന് കളി കണ്ടോ...”




“അതിന് എനിക്ക് കളിയൊന്നുമറിയില്ല...”
“നിന്റെ വീടെവിടെയാ..”
“അതു പിന്നെ പ്രളയ സമയത്തെ ഉരുൾപൊട്ടലിൽ ..............”
“മതി മതി...വരുന്നവരൊക്കെ ഇതാ പറയുന്നത്..ഒറ്റെണ്ണത്തിനെ വിശ്വസിക്കാൻ പറ്റില്ല..”.

നൈരാശ്യത്തോടെ അവൾ മുഷിഞ്ഞ സാരിത്തലപ്പുകൊണ്ടു ദേഹത്തെ വിയർപ്പു തുടച്ചുമാറ്റി.അയാളുടെ കണ്ണുകൾ അവളുടെ ശരീരത്തിലൂടെ തിരക്കിപ്പാഞ്ഞു നടന്നു.

കുട്ടിയപ്പോൾ ശാഠ്യം പിടിച്ച് കരയാൻ തുടങ്ങി. കളി കാണാൻ എത്തിയവരെ അതു തീർത്തും അലോസരപ്പെടുത്തി. മുഖം ചുളിപ്പിച്ചുകൊണ്ട് എല്ലാവരും തല ചരിച്ചുനോക്കി. അതുകൊണ്ട് അവൾ കുട്ടിയുടെ വാ പൊത്തിപ്പിടിച്ച് പരിഭ്രമിച്ചുഴറി. അപ്പോൾ ഏവരെയും നിരാശപ്പെടുത്തിക്കൊണ്ട് കോലിയുടെ വിക്കറ്റ് വീണു. തുടരെ മൂന്നു വിക്കറ്റ് വീണ് കളി നഷ്ടപ്പെടുമെന്ന അവസ്ഥയിലെത്തി കുറച്ചുനേരം കൊണ്ട്.

അവളാകട്ടെ മതിലിൽ ചാരി നിന്നു. നല്ല ഉശിരൻ ബിരിയാണിയുടെയും കോഴിയിറച്ചിയുടെയും ഗന്ധം. പാതി വിശപ്പ മാറിയതുപോലെ തോന്നി അവൾക്ക്. ഒക്കത്തെ കുട്ടി കരഞ്ഞുതുടങ്ങിയപ്പോൾ മുതലാളി ഈർഷ്യത്തോടെ എണീറ്റ വന്നു. "നിങ്ങളെന്തിനാ വന്നിരിക്കണത്.."

അവൾ വല്ലാത്ത സങ്കോചത്തോടെ പറഞ്ഞൊപ്പിച്ചു:"കഴിക്കാനെന്തെങ്കിലും..."

അയാൾ പോക്കറ്റിൽ നിന്നും ചില്ലറത്തുട്ടുകളെടുത്ത് അവൾക്കു നൽകി. "ഈ കുട്ടിയുടെ കരച്ചിൽ കേട്ടതും കണ്ടില്ലേ.. മൂന്നു വിക്കറ്റാ പോയത്..ഇന്ത്യ ജയിക്കണം .. അതിനാ കാത്തിരിക്കണത് .. നിങ്ങള് വിട്ടോ..ഇനി ഇവിടെ നിന്ന് കുട്ടി കരഞ്ഞ് എന്നെ ദേഷ്യം പിടിപ്പിക്കരുത്.. കൂട്ടിലൊരു പട്ടി കിടക്കുന്നുണ്ട് . പറഞ്ഞേക്കാം." അപ്പോൾ മാത്രമാണ് സമീപത്തുള്ള കൂട്ടിലേക്ക് അവൾ നോക്കിയത്.വേവിച്ച ഇറച്ചി മറ്റൊന്നും ശ്രദ്ധിക്കാതെ തിന്നുകയാണാ 'ഭാഗ്യവാനായ ജന്തു'!

അയാൾ അവളെ പുറത്താക്കി ഗേറ്റടച്ചു.തളർന്നു തേങ്ങുന്ന കുഞ്ഞിനെ നോക്കി കണ്ണിൽ വെള്ളം നിറച്ച് അൽപനേരം ഗേറ്റിനു മുന്നിൽ നിന്നു. അവനെന്തെങ്കിലും സംഭവിക്കുമോയെന്ന് ഉള്ളോണ്ട് ഭയന്ന നേരം ... "സിക്സ്".....വൻ ആർപ്പുവിളി..ആഹ്ളാദാരവം....

അവൾ സാവകാശം റോഡലരികിലൂടെ നടന്നു നീങ്ങി. സമീപത്തെ ബസ് സ്റ്റാൻഡിൽ തണലിൽ കയറി നിന്നു. യാചകരായ രണ്ടു മൂന്നു പേർ ഇരിക്കുകയും നിൽക്കുകയുമൊക്കെ ചെയ്യുന്നുണ്ടവിടെ. അവരുടെ ശ്രദ്ദ ആ വീടിൻെറ ഭാഗത്തേക്കാണ്. കുട്ടി കരയാൻ തുടങ്ങി. അവൾ കുട്ടിയെ മാറോടുചേർത്ത് ആശ്വസിപ്പിക്കാൻ തുടങ്ങി. അവൻ മയപ്പെട്ട് മയക്കത്തിലെക്ക് നീങ്ങുമ്പോൾ "ഫോർ...........!"

അട്ടഹാസം, വിസിലടികൾ, നിർവൃതിയുടെ ഉച്ചത്തിലുള്ള ശബ്ദങ്ങൾ. ബസ് സ്റ്റാൻഡിൽ ഇരിക്കുന്ന, നീണ്ടു നരച്ച താടിയും മുടിയുമുള്ള, ശരീരം മുഴുവൻ ചുളിവുകൾ വീണ വൃദ്ധൻ അപ്പോൾ പതിഞ്ഞ ശബ്ദത്തിൽ പ്രതീക്ഷ നിറഞ്ഞ മിഴികളോടെ പറഞ്ഞു "ഇന്ത്യ ജയിക്കാൻ പ്രാർത്ഥിച്ചോളൂ..."

അവൾ കുഞ്ഞിനെ ചുമലിൽ കിടത്തി കുതിർന്ന മിഴികൾ അടച്ച് പ്രാർത്ഥനയോടെ ഉരുവിട്ടു "ഇന്ത്യ ജയിക്കണേ.... ഇന്ത്യ ജയിക്കണേ............."

# The Detective Mind

Harigovind.M

Once upon a time a boy was born in a village. His name was Chris. From the beginning onwards the boy was so intelligent.  Year's passed, the boy became a detective. When he was a detective in the city called Montana, a great robber called Donny came there. He was an International robber. Nobody was able to catch him, he came to the city to steal the precious golden diamond which has some magical powers.

One day at night the robber Donny came there to steal the diamond, and he stole it. When he touched that diamond he got some magical powers. The police tried to catch him, but with his magical power, he escaped from the police. The case was taken up by the Central Government, but failed there. So the Central Government decided to give the case to the detective Chris. He tried to catch the robber but he failed. At last Chris got an idea in his mind to catch the robber.  So he asked a help from a lady. The lady agreed to help Chris. The lady and the Chris went to the robber. The detective Chris leaned back and forth while the thief was talking to a lady. Diamond slipped out of the robber's hand and Chris grabbed the diamond. Chris grabbed the robber with the magical power of stone and arrest him. And at last Chris Returned the diamond to the museum.



# എന്റെ കേരളം

**Muhammed Sinan**

- വെള്ളിക്കരയിട്ട മരതക പട്ടുചുറ്റി
മണ്ണിൻ മകുടമായി വിളങ്ങും
ലാവണ്യവതി മനശാഞ്ഞിതരും
മമ ജന്മ നാടേ മനോഹരീ . . .
കളകളമൊഴുക്കി സ്നിഗ്ദ
മടിത്തു കാറുമാറകാർന്ന-
രുവികളുവതിരിൽ മേഘ മേലാപ്പൂ-
തൊട്ടും മുത്തംഗ മേതുക്കളും
പച്ചപ്പട്ടുപാവാടയിൽ നിന്നും
വെള്ളിനൂലിഴ പോലസാഖ്യം
ശിതളമാമല ഞൊറിയിളകും
കോമള നദികളും വീറൻ തുടങ്ങും
മഞ്ഞു പൊഴിയും വസന്തത്തിൽ
വിരിയുമായിരം പൂവാടികൾ
കുളിർത്തെന്നാലായാഞ്ഞു വീശും
ഇളംകാറ്റിൽ പാറുമംഗന
തൻ പോലലംകൃതം ചേലൊത്ത
നീല വർണമനോഹര തിര
ഞൊറിയും സാഗരം നീളെ . . . .
മണ്ണിൻ മാദക ഗന്ധം നുകരും
മക്കൾക്കാശയമരുളും
മമനാടേ മനോഹരീ . . മനസ്സിൽ
നിൻ മുക്ത സൗന്ദര്യം . . മുകരുന്നുഞാൻ

# എന്റെ ഓർമ്മകള്

MUHAMMED SINAN

മറക്കാൻ ശ്രമിച്ചാലും അറിയാതെ വന്നണയു-
മെന്നോർമ്മയിൽ ആ മധുരകാലം
മറന്നിടാനാകുമോ ഒരിക്കലും-
മറവിയെ മായ്ക്കുന്ന ബാല്യകാലം
വെട്ടിക്കളഞ്ഞാലും
തളിരിലകളാൽപൂവണിഞ്ഞിടു-
മെൻ ഓർമ്മയിൽ ആ കൊച്ചുബാല്യകാലം
കുഞ്ഞാണെങ്കിലും കുന്നോളമല്ലയോ
ഓർക്കുവാനക്കാര്യ മേറെയോർത്താൽ
കളിച്ചും,ചിരിച്ചും,ഉല്ലസിച്ചിടുന്ന
കുഞ്ഞിളംചുണ്ടിലെ തേന്യൂറുംപുഞ്ചിരി
കുസൃതികൾ മാത്രം കൈമുതലായ് വെച്ച്
കാണിച്ചുവെച്ച കുറുമ്പുകൾ ഓർത്താലോ

പൊട്ടിച്ചിരിക്കാനേ പറ്റുകയുള്ളൂ
പൊട്ടിച്ചെടുക്കാൻ സാധ്യമല്ല
മഴയിൽ കുതിർന്നും , മാനത്തുനോക്കിയും
മാമനെ കണ്ടും, മഴവില്ല് കണ്ടും
മാവിൽ കയറിയും , മാമ്പഴം പെറുക്കിയും
മാധുര്യം പകർന്നൊരാനാളുകൾ
വിദ്വേഷമില്ല,വെറുപ്പുമില്ല,
പോരായ്മയില്ല,പരാതിയില്ല



# TECHNOLOGY'S INFLUENCE ON EDUCATION

**ALFA FATHIMA**



Technology plays a large role in many aspects of day-to-day life, and education is no different. Technology is rapidly changing the way students learn and how instructors teach.

Computers have replaced chalkboards as the go-to-tool in classrooms today. And it’s not just happening in higher education; technology is a part of education for children of all ages. It’s also a part of their daily lives. According to a research study by **Common Sense Media** published in October 2011 “Computer use is pervasive among very young children, with half (53%) all 2 to 4 years old having ever used a computer, and nine out of 10 (90%) 5 to 8 years old having done so”.

As technology continues to evolve, it brings with it new opportunities and challenges for educators and students social networking is a great example of technology that can help-or hinder-education, depending on how it is used and integrated into teaching plans. Privacy and security are two concerns that can come with using social networking in the classroom. It can also become a distraction to students, or even a tool used for bullying. According to a 2011 Pew report, 15% of children surveyed said they had been the victim of mean behaviour on social networking sites like Facebook and Twitter.

However, using social networking as part of the learning process can also have benefits. Students who are more introverted may open up and connect more with faculty and other students when they are communicating through social networking. It also affords students the opportunity to collaborate and work together in a whole new way.

There are also social networking sites designed specifically for education. An article on technology in education by Education Week mentions e Pals and e Chalk as two sites - “Designed specifically for learning.”

College students can be notoriously connected to technology, including social networking, through their smartphones, laptops and tablets. Social media in education presents college students with different benefits are detriments compared to their younger counterparts.

# Fire and Ice

**Jeevan Joy IX E**


*Some say the world will end in fire some say in ice*
*from what I've tasted of desire*
*I hold with those who favour fire*
*but if it had to perish twice,*
*I think I know enough of hate*
*to say that for destruction ice*
*is also great*
*And would suffice.*



# FRIEND SHIP

**HIBA SHERIN 9 D**

Amidst the darkness of life.
I scared for a ray of hope
A hope for a true friend.
The search indeed was a success.





A friend I got so amiable
I hope our friendship wouldn't sink.
A ship I hope would sail and sail...
The ship filled with emotion and love.

A light is he in my life.
I wish the remains brighter and brighter.
A guide is he who directs me.
Troughs the ups and downs of my life.

A friend be is so vivacious ,
I like his charming character
a true friendship is he indeed
The friendship indeed I exhilaration.

# Heartiest Friendship Day Greetings Card

Niya Saji IX.D



My dear Sindu teacher,
My heart brings with boundless gratitude and joys when I thinks of you my friend , who made the hailstorms in my life pass without causing me any hurm.You were my piller of strength the sorrowing times I went through..You gave me the courage to overcome everything with a simile. Thank you for being their with me...

# HORN-BILL

**Muhammed Shibil.IX C**

**The Horn-bills are a family of birds found in tropical and sub-tropical Africa, Asia and Melanesia. They are characterized by a longdown-curved bill which is frequently brightly coloured and some times a casque on the upper mandible.Both the common english and scientific names of the family refer to the shape of the bill “buceros” being “cow horn” in greek hornbill have a two-lobed kidney. They are the only birds which the first and second neck Vertebra (the atlas and axis respectively) are fused together;this probably provides a more**

**stable platform for carrying the bill. The family is omnivorous, feeding on fruit and small animals. They are monogamous breeders.**



# LITTLE Kites




Robotics, E-Commerce, E-Governance,'Little KITEs' IT Clubs is an unique initiative of KITE, which feature over 1 lakh student members. The Hi-School Kuttikootam programme, which was part of the Public Education Rejuvenation Mission of the State Government, through which students were

given intense training in 5 areas such as Animation, Cyber Safety, Malayalam Computing, Hardware and Electronics, has been structurally upgraded in Student Police Cadets model, thus becoming ‘Little KITEs IT Clubs’.

Little KITEs is set to become the largest Student IT Network in the Country.

Hon. Chief Minister, Shri. Pinarayi Vijayan has launched this unique initiative on 22nd January 2018 at Thiruvananathapuram. In addition to the already identified 5 Core areas, more topics have been added such as Development of Mobile Apps, Programming, Video Documentation, Web TV etc to the activity bouquet of 'Little KITEs`.

## Objectives of Little KITES programme

1. To encourage the natural interest of students in ICT field and to create a culture for appropriate usage of technology and software.

2. To provide an opportunity for students to learn the different perspectives of ICT tools, so as to make use of them for their learning activities.

3. To ensure participation of students in the usage and upkeeping on ICT equipments at schools, thereby increasing the productivity of the school is ICT enabled learning.

4. To empower students to undertaken minor technical issues of ICT equipments.

5. To enrich studentsLITTLE  KITES

Robotics, E-Commerce, E-Governance,‘Little KITEs’ IT Clubs is an unique initiative of KITE, which feature over 1 lakh student members. The Hi-School Kuttikootam programme, which was part of the Public Education Rejuvenation Mission of the State Government, through which students were given intense training in 5 areas such as Animation, Cyber Safety, Malayalam Computing, Hardware and Electronics, has been structurally upgraded in Student Police Cadets model, thus becoming

‘Little KITEs IT Clubs’.
Little KITEs is set to become the largest Student IT Network in the Country.
Hon. Chief Minister, Shri. Pinarayi Vijayan has launched this unique initiative on 22nd January 2018 at Thiruvananathapuram. In addition to the already identified 5 Core areas, more topics have been added such as Development of Mobile Apps, Programming, Video Documentation, Web TV etc to the activity bouquet of 'Little KITEs`.

# Objectives of Little KITES programme

1. To encourage the natural interest of students in ICT field and to create a culture for appropriate usage of technology and software.

2. To provide an opportunity for students to learn the different perspectives of ICT tools, so as to make use of them for their learning activities.

3. To ensure participation of students in the usage and upkeeping on ICT equipments at schools, thereby increasing the productivity of the school is ICT enabled learning.

4. To empower students to undertaken minor technical issues of ICT equipments.

5. To enrich students on proper and safe internet usage and cyber security, and also

to inculcate the importance of language computing.

on proper and safe internet usage and cyber security, and also to inculcate the importance of language computing.

# എന്റ്റ സ്വപ്നത്തിലെ ഇന്ത്യ

ജിയ ജോയ് 8 C

നമിക്കുന്നു നിന്നെ ഒരു ഇന്ത്യൻ പൗരനെന്നനിലയിൽ

നമിക്കുന്നു നിന്നെ ഇന്ത്യ കണ്ട സാക്ഷി എന്ന നിലയിൽ

ക്രിസ്ത്യാനിയോ, മുസ്ലിമോ, ഹിന്ദുവോ
എന്നില്ലാതെ

മനുഷ്യനായി ജീവിക്കുക.



എല്ലാവരുടെയും ഞരമ്പിലോടുന്ന
രക്തം
ഒന്നാണെന്ന് മനസ്സിലാക്കുക

എന്നാൽ ഗാന്ധിജിയുടെ സ്വപ്നത്തിലെ ഇന്ത്യ


നമുക്ക് പടിത്തുയർത്താം...

ഒരു ജാതി ഒരു മതം ഒരു ദൈവം എന്ന് പറഞ്ഞ

ശ്രീ നാരായണഗുരുവിനെയും നാം ഓർക്കണം.
പിന്നെയും പിന്നെയും ഞാൻ ഓർമ്മിപ്പിക്കുന്നു
ഇന്ത്യ നിനക്കായി എന്തുചെയ്യും എന്നല്ലാതെ
നിനക്ക് ഇന്ത്യക്കുവേണ്ടി എന്തുചെയ്യാനാകും

എന്ന് ചിന്തിക്കുക......

# INSPIRING THOUGHTS FOR TEENAGERS



JOHN MARSHALL

**-GRINTA & ANIT**

Most high schools are teenagers. I think motivation at this ages is very important. The age of the teenager is bit more intriguing this thing will live as and being serious. It means that we have to be serious to ensure the future. We have to built our own future. For, that we have to do everything that we need to do. We have to give importance to our studies and our school. And we have to proper love of study.

***QUOTES***

"Don't let what you cannot do interfere with what you can do."

**- JOHN WOODEN**

“Successful and unsuccessful people do not vary greatly in their abilities. They vary in their desires  to reach their potential.”

# ഇരുണ്ട രാത്രികൾ

ഫർസാന

വെളിച്ചമില്ലാത്ത രാത്രികൾ
സങ്കടങ്ങൾ ഒഴിയാത്ത രാത്രികൾ
ചന്ദ്രന്റെ മാറിടത്തിൽ കിടന്നരാത്രികൾ
മനസ്സിന്റെവേദനയിൽ മുങ്ങിയരാത്രികൾ ഞാൻ ഓർത്തു
പ്രപഞ്ചത്തിൽ അമ്മയെക്കാൾ
വലിയപോരാളിയില്ല
അമ്മയുടെസ്നേഹം
ഇല്ലാത്തരാത്രികൾ
അമ്മ ഈ ലോകത്തോട്
വിടപറഞ്ഞ
രാത്രി
ദൈവത്തോട് ഒന്നേ പറയാനുള്ളൂ



സങ്കടത്തിന്റെ കൊടുമുടിയിൽ ഞാൻ
നിൽക്കുമ്പോൾ നീ ഓർക്കുക എന്റെ
വിഷമങ്ങൾ കേൾക്കാൻ നീയല്ലാതെ
മറ്റാരും ഞങ്ങൾക്കില്ല

അമ്മയെന്നും എന്റെകൂടെ ഉണ്ടായിരിക്കണമെന്ന് ഞാൻ
ആശിച്ചുപോകുന്ന രാത്രികൾ അമ്മയാണ് ഈ ലോകത്തിലെ
ഏറ്റവും
വലിയ ബലശാലി

ധീര ധീര ധീര ധീര രണധീരാ...

ധീര ധീര ധീര ധീര ഹേ രണധീര....

# വ്യഥയുടെ നെരിപ്പോട്ടുകൾ

ലിയ സജി IX C

കാലം കാത്തുവച്ച ഓർമ്മകൾ
മരിക്കുന്ന വഴിത്താരകൾ
നിഴലും നിലാവും കഥ പറയുന്ന
വഴിത്താരികളിൽ വീണ്ടും
കൊഴിഞ്ഞു വീഴുന്ന സൗഹൃദം
ഞാൻ കണ്ട സ്വപ്നത്തിലെന്നും
നിൻ്റെ പ്രണയത്തിൻ്റെ
മധുരിക്കുന്ന സ്പന്ദനങ്ങളുണ്ടായിരുന്നു
ആ മഹാവൃക്ഷത്തിൻ്റെ കടയ്ക്കൽ
കോടാലിവെക്കുന്നതുവരെ

കണ്ണുകൾ തുറന്നപ്പോൾ മുന്നിൽ
നിറം മങ്ങിയ പുലരി
ഒരു രാത്രി കൊഴിഞ്ഞപ്പോൾ
അവളുടെ കവിളിൻ്റെ തടിപ്പുകൾ
മാഞ്ഞുപോയതെന്തേ?
മനസ്സിലെ വക്രത മുഖത്ത്
വരുത്താതെ പുഞ്ചിരിക്കുന്ന
സൗഹൃദങ്ങൾ പോലെ
അവളുടെ രാവുകളും

നിരുൻമേഷമായിരിന്നിരിക്കാം
രാവിൻ്റെ കറുപ്പുകൾ
അവളെയും ചൂഴ്ന്നിട്ടുണ്ടാകാം

മനസ്സിലേറ്റ മുറിവുമായി ജീവിതം താണ്ടുന്ന
യുവത്വങ്ങൾക്ക്
കാലത്തിൻ്റെ കർമ്മ സാക്ഷിയാകാൻ

എന്തിനെൻകിലും കഴിയുമോ?
കണ്ണുകൾ നീറിപ്പുകയുമ്പോഴും
പുഞ്ചിരി മായാതെ തിർത്താ

നിന്നിൻ്റെ മുഖങ്ങൾക്കാവുമോ?
നേരിൻ്റെ മുഖമൂടികൾക്കിടയിലെല്ലാം
വഞ്ചനയുടെ നഖമുനപ്പാടുകൾ
പതിഞ്ഞുകിടപ്പുണ്ടാകാം

# കൂട്ടുകാരന്

**Muhammed Sinan IX .B**


കൂട്ടുകാരനായെന്റെ
കൂട്ട തേടിയണഞ്ഞൊരു
കുഞ്ഞാറ്റ കിളി
കാറ്റിനോട് കഥ മെനഞ്ഞും
കടലിനോട് കളി പറഞ്ഞും
കാടായ കാടെല്ലാം, മേടായ മേടെല്ലാം
കണ്ണാരം പൊത്തി കളിച്ചും
കണ്ണിൽ കണ്ണിൽ കണ്ണാടിനോക്കി
കൊച്ചുരുമി ചിറകുരുകി
കിലുകിലെ കൊഞ്ചി ചിലച്ചും
കിളിക്കൂട്ടിലെന്നെ
കുളിരറയിക്കാതെ
കവിൾ ചേർത്തുറക്കിയും
കനിവിന്റെ കനിവാമെന്റെ
കരളിന്റെ കരളായ
കൂട്ടുകാരന്



# LEO TOLSTOY

***Muhammed Nasif.P IX .D***

*Count lev Nikolayevich Tolstoy, usually referred to in English as Leo Tolstoy was a Russian writer who was born on September 9,1828.*



*He is best known for his novels 'War and peace' (1869) and 'Anna karenina (1877) and other works like 'The kingdom of God is with in you'and 'Resurrection'.He proved himself as a great short story writer, play writer and critic. He was honoured with Yochovich award and Bosnica award.He passed away on November 20, 1910 at the age of 82.*

# മാതൃഭാഷ

**Diya Mirsha.IX.D**

**ആളുവളരാനും മാതൃഭാഷ വേണം**
**നാടുവളരാനും മാതൃഭാഷ വേണം**
**നേരറിയാനും നല്ലോണം ചൊല്ലാനും**
**നേരാകുമീ മാതൃഭാഷ വേണം**

**മാതൃഭാഷാപഠനം വളർച്ചയാണ്44**
**അജ്ഞത തന്നുടേ**
**യമർച്ചയാണ്**

**മാതൃഭാഷപഠിക്കായ്ക വിളർച്ചയാണ്**
**സന്തുഷ്ടജീവിതത്തിന്റെതളർച്ചയാണ്**


**അന്യഭാഷകളും പരിഭാഷയതും**
**നൽമാതൃഭാഷതൻ കവർച്ചയാണ്**
**ഞാനെന്നും വണങ്ങും പെറ്റമ്മയാണീ**
**മലയാളമെന്നുള്ളെൻ മാതൃഭാഷ!**



# NATURE

**Jeevan Joy IX.E**

Nature is an important and integral part of mankind. It is one of the greatest blessings for human life; however, nowadays humans fail to recognize it as one. Nature has been an inspiration for numerous poets, writers, artists and more of yesteryears. This remarkable creation inspired them to write poems and stories in the glory of it. They truly valued nature which reflects in their works even today. Essentially, nature is everything we are surrounded by like the water we drink, the air we breathe, the sun we soak in, the birds we hear chirping, the moon we gaze at and more. Above all, it is rich and vibrant and consists of both living and non-living things. Therefore, people of the modern age should also learn something from people of yesteryear and start valuing nature before it gets too late.



## Significance of Nature

Nature has been in existence long before

humans and ever since it has taken care of mankind and nourished it forever. In other words, it offers us a protective layer which guards us against all kinds of damages and harms. Survival of mankind without nature is impossible and humans need to understand that.

If nature has the ability to protect us, it is also powerful enough to destroy the entire mankind. Every form of nature, for instance, the ants, animals rivers, mountains, moon, and more holds equal significance for us. Absence of one element is enough to cause a catastrophe in the functioning of human life.

We fulfill our healthy lifestyle by eating and drinking healthy, which nature gives us. Similarly, it provides us with water and food that enables us to do so. Rainfall and sunshine, the two most important elements to survive are derived from nature itself.

Further, the air we breathe and the wood we use for various purposes are a gift of nature only. But, with technological advancements, people are not paying attention to nature. The need to conserve and balance the natural assets is rising day by day which requires immediate attention.

## Conservation of Nature

Polluting ocean water must be strictly prohibited by all industries straight away as it causes a lot of water shortage.

The excessive use of auto mobiles, AC's and ovens emit a lot of Chlorofluorocarbons' which depletes the ozone layer. This, in turn, causes global warming which causes thermal expansion and melting of glaciers.

Therefore, we should avoid personal use of the vehicle when we can, switch to public transport and carpooling. We must invest in solar energy giving a chance for the natural resources to replenish.

In conclusion, nature has a powerful trans formative power which is responsible for the functioning of life on earth. It is essential for mankind to flourish so it is our duty to conserve it for our future generations. We must stop the selfish activities and try our best to preserve the natural resources so life can forever be nourished on earth.

In order to conserve nature, we must take drastic steps right away to prevent any further damage. The most important step is to prevent deforestation at all levels. Cutting down of trees has serious consequences in different spheres. It can cause soil erosion easily and also bring a decline in rainfall on a major level.

# പ്രകൃതിയും മനുഷ്യനും

Raniya Jasmine.IX.C



സാധാരണ പുസ്തകങ്ങൾ വായിച്ചാൽ തീരും.എന്നാൽ പ്രകൃതിയെന്ന പുസ്തകമോ? ജീവിതകാലം മുഴുവൻ നമുക്ക് അത് വായിക്കാം, പക്ഷേ ഒരിക്കലും ആ പുസ്തകം മുഴുവനായിട്ട് നമുക്ക് വായിക്കാൻ കഴിയില്ല. അത്ഭുതകരമായ വ്യത്യസ്ത കാഴ്ച്ചകളാണ് ദിനംതോറും പ്രകൃതി നമുക്കായി ഒരുക്കുന്നത്. പുലരിയുടെ കാന്തിയിൽ തുടങ്ങി സന്ധ്യാകാശത്തിൻ്റെ തുടിപ്പിൽ വരെ എത്രയെത്ര മനോഹര ദൃശ്യങ്ങളാണ് പ്രകൃതിയിൽ നമുക്ക് കാണാൻ സാധിക്കുന്നത്. അങ്ങനെ സുന്ദരഭാവങ്ങളോടെ നമുക്കുച്ചുറ്റും നിറഞ്ഞുനിൽക്കുകയാണ്. പ്രകൃതി കൗതുകം നിറഞ്ഞകാഴ്ച്ചകളും സ്വപ്നംതുല്യമായ സൗന്ദര്യവുമാണ്

**പ്രകൃതി എല്ലാവരുടെയും തറവാടാണ്. അവിടെ മനുഷ്യൻ മാത്രമല്ല മൃഗങ്ങളും പക്ഷികളും മരങ്ങളും**

**സസ്യങ്ങളുമെല്ലാമാണ്. ഒരു പരസ്പര സഹായസംഘം പോലെയാണ് പ്രകൃതി  മനുഷ്യനും മൃഗങ്ങളും പക്ഷികളും**

**ത്ത്മിൽതമ്മിൽ ബന്ധമാണ് ഉള്ളത്. മരങ്ങളും ല സസ്യലതാദികളുംമനുഷ്യരുടെയും മൃഗങ്ങളുടെയും**

**പക്ഷികളുടെയും മിത്രങ്ങളാണ് എല്ലാതരം ജീവനും-**

**മനുഷ്യജീവൻ ജന്തുജീവൻ സസ്യജീവൻ-ഒത്തുചേരുന്നതാണ്**

**പ്രകൃതിയുടെ ആദിമപരിശുദ്ധി.**

# Influence of Thought

**Blessin Thomas IX.B**

JUST AS EVERY ACTION that emanates from us comes back to us as Influence of Thought reaction, even so our actions may act on other people and theirs on us. Perhaps all of you have observed it as a fact that when persons do evil actions,they become more and more evil, and when they begin to do good, they become stronger and stronger and learn to do good at all times. This intensification of the influence of action cannot be explained on any other ground than that we can act and react upon each other. To take an illustration from physical science, when I am doing a certain action, my mind may be



said to be in a certain state of vibration; all minds which are in similar circumstances will have the tendency to be affected by my mind. If there are different musical instruments tuned a like in one room, all of you may have noticed that when one is

struck, the others have the tendency to vibrate so as to give the same note. So all minds that have the same tension,so to say, will be equally affected by the same thought. Of course, this influence of thought on mind will vary according to distance and other causes, but the mind is always open to affection. Suppose I am doing an evil act,my mind is in a certain state of vibration,and all minds in the universe, which are in asimilar state, have the possibility of being affected by the vibration of my mind. So,when I am doing a good action, my mind is in another state of vibration; and all minds similarly strung have the possibility of being affected by my mind; and this power of mind upon mind is more or less according as the force of the tension is greater or less.[1]Following this simile further, it is quite possible that, just as light waves may travel for millions of years before they reach any object, so thought waves may also travel hundreds of years before they meet an object with which they vibrate in unison. It is quite possible, therefore, that this atmosphere of ours is full of such thought pulsations, both good and evil. Every thought projected from every brain goes on pulsating, as it were,until it meets a fit object that will receive it. Any mind which is open to

receive some of these impulses will take them immediately. So, when a man is doing evil actions, he has brought his mind to a certain state of tension and all the waves which correspond to that state of tension, and which may be said to be already in the atmosphere, will struggle to enter into his mind. That is why an evil-doer generally goes on doing more and more evil. His actions become intensified. Such also will be the case with the doer of good;he will open himself to all the good waves that are in the atmosphere, and his good actions also will become intensified.

We run,therefore, a twofold danger in doing evil:first, we open ourselves to all the evil influences surrounding us; secondly, we create evil which affects others, may be hundreds of years hence. In doing evil we injure ourselves and others also. In doing good we do good to ourselves and to others as well; and, like all other forces in man, these forces of good and evil also gather strength from outside.[2]Fill yourselves with the idea; what ever you do, think well on it. All your actions will be magnified, transformed, deified, by the very power of the thought. If matter is powerful, thought is omnipotent. Bring this thought to bear upon your life.

# THE MYSTERIOUS LIFESTONE


**Harigovind . M.VIII.D**

Once up on a time in the space a massive stone crushed into a planet . The stone was came from Mars . People in Mars called the stone as 'life stone' . The planet which crushed the life stone was slowly becoming a living planet . The first drip of water falls to the planet and become a blue planet known as Earth . The organism born there . They evolute themselves and become more powerful.

Years gone............................

The time in the earth was 21st century . The people in mars are planning an operation called operation limestone . Many people are taken place in that operation . Many of them came to earth- the aliens where searching all around the earth for the stone . A boy known as Dodo sawed the alien . Not only him many people sawed alien. U N of earth ordered to arrest and research the alien . A war was taken place between human and aliens . Many people and aliens lost their life. Only one alien was left . The alien was captured by human and gave up for counselling . The alien were hypnotised. He started to say the mystery of the earth

and the life stone ; “A stone was in Mars . We call it is a life stone.



A war was there in between Mars and Saturn . A powerful attack by Saturn to Mars . Many of our planet’s wealth and life of our people there lost . Today our planet was a red desert but early times our planet was full of green and blue . We defeated the war and the life stone was thrown by the people in Saturn . Our observation says that our life stone was came here . We came to take it back for the life of our planet’’ . Humans said:. First we will help you to defeat Saturn . A huge war for peace in the space was taken place . Many people died and wealth of earth, Mars and Saturn was destroyed. The earth and Mars defeated Saturn . At last the life stone was divided into two parts, one part for Mars and another part to earth .

A BEAUTIFUL RELATIONSHIP BETWEEN EARTH AND MARS

# ചിന്തകൾ

ജീന റോസ

## പരാജയമെന്നത് നിങ്ങൾക്ക് കൂടുതൽ കരുത്തോടെ തിരിച്ചുവരാനുള്ള അവസരമാണ്

ഹെന്ററി ഫോഡ്




## സമുദ്രജലത്തിലെ ഏതാനും തുള്ളികൾ മലിനമായൽ

*സമുദ്രം മുഴുവൻ മലിനമാകില്ല*
*മനുഷ്യനും മനുഷ്യവംശവും*
*അതുപോലെയാണ്*

*മഹാത്മ ഗാന്ധി*

*തിരമാലകളെ*
*എനിക്കിഷ്ടമാണ്*
*അതിന്റെ ഉയർച്ചയോ താഴ്ച്ചയോ*
*കണ്ടിട്ടല്ല*
*മറിച്ച്  ഓരോ താഴ്ച്ചയിൽ*
*നിന്നും അത്*
*ഉയർന്നുവരാൻ ശ്രമിക്കുന്നു*

*എ.പി.ജെ അബ്ദുൾ കലാം*

# ഇനനെ കാത്ത്.......

അൽഫ ഫാത്തിമ 9 D

യാത്രാവിവരണം

ടോർച്ച് ലൈറ്റിൻെ്റ സഹായത്തോടെ നടന്ന് നടന്ന് ഒരു വലിയ മലകയറുകയാണ്.പ്രത്യേകിച്ച് പേരൊന്നുമില്ലാത്ത എൻെ്റ അമ്മവീട്ടിൽ കുറച്ചകലെ സ്ഥിതിചെയ്യുന്ന ഒരു മല. പ്രകൃതി നിർമ്മിച്ച വെള്ളച്ചാട്ടവുമൊക്കെയുള്ള ഇടത്തേക്കാണ് ഈ പാദയാത്ര.ഒരു ചെറിയ സാഹസിക യാത്ര. പുലർച്ചെ, സൂര്യോദയത്തിന് ഒത്തിരി മുമ്പ് പുറപ്പെട്ടിരുന്നു. വണ്ടിയിൽ പോകാവുന്ന അത്രയും ദൂരം സഞ്ചരിച്ചു. പിന്നെ കാൽനട. ത്രസിപ്പിക്കുന്ന അനുഭവം! ചുറ്റും ഇരുട്ട്. ടോർച്ചിൻെ്റ നേരിയ വെളിച്ചം . കല്ലും മുള്ളും താണ്ടി എത്തിച്ചേർന്നിരിക്കുകയാണ്.

ഞാൻ കാത്തിരിക്കുകയാണ്. ഉറക്കമൊഴിച്ച് , അക്ഷമയോടെ; എന്നും എന്നെ തട്ടിയുണർത്തുന്ന സൂര്യൻ ഉറക്കത്തിൽ നിന്ന് ഉണരുന്നത് കാണാൻ. അതെ ഒരു സൂര്യോദയത്തിനായി എൻെ്റ നേത്രങ്ങളും മനസ്സും അക്ഷമയോടെ കാത്തിരിക്കുകയാണ്.
നോക്കിനിൽക്കുന്നതിനിടയിൽ ഇടയ്ക്കെപ്പോഴോ ശ്രദ്ധ തെറ്റിപ്പോയി. പിന്നീട് ഞാൻ കാണുന്നത് ചുറ്റും പടർന്ന അന്ധകാരത്തെ തള്ളിമാറ്റിക്കൊണ്ട് ഈ പ്രപഞ്ചത്തിന് പുത്തൻ

ഉണർവ് നൽകി, പുതിയ പ്രതീക്ഷകൾ നൽകി, ഒരു നല്ല ദിനം നൽകി കടന്നുവരുന്ന സൂര്യനെയാണ്. നിഷേധാത്മകമായ ഇരുട്ട് കടും ചുവപ്പിന് വഴി മാറിക്കൊടുത്തു. കട്ടച്ചോരയുടെ നിറം പടർന്നു. പതിയെ കണ്ണുതുറന്നുവരുന്ന ഇനൻ. കുറഞ്ഞ സമയത്തിനുള്ളിൽ അത് എല്ലായിടത്തും പരക്കാൻ തുടങ്ങി. ഈ നന്മ നിറഞ്ഞ ലോകത്തെ കൂടുതൽ സുന്ദരമാക്കാൻ വേണ്ടി എത്തുന്ന സൂര്യനെ വഴങ്ങണം എന്ന് തോന്നിപ്പോയി എനിക്ക്. കാരണം ചുട്ടുപഴുത്ത ശരീരമുള്ള, പ്രകാശിതമായ മനസ്സുള്ള സൂര്യൻ എത്ര ക്ലേശമനുഭവിച്ചാണ് ഈ ലോകത്തിന്റെ സർവോപരി ഊർജ ശ്രോതസ്സായി മാറിയത്. കിഴക്കേദിക്കിൽ സിന്ദൂരപ്പൂരം പൂശിയതുപോലെ എത്തി ഇനൻ. പതിയെ ചുമപ്പ് മാഞ്ഞു. കിഴക്ക് ഒട്ടാകെ വെള്ളകീറി. പലരെയും ഉണർത്താനായി അവന്റെ കിരണങ്ങൾ അവൻ വിശാലമാക്കി.ഉറക്കത്തിൽ കണ്ട സ്വപ്നം സാക്ഷാൽക്കരിക്കാനായി മനുഷ്യൻ ഓടിത്തുടങ്ങി. അവന്റെ പാതകൾ പ്രകാശപൂരിതമാക്കാൻ സൂര്യനും... അവനോടൊപ്പം

.........



# ഇലഞ്ഞിപ്പൂക്കൾ

അന്ന തെരേസ ജോർജ്ജ്.IX.C

മുറ്റത്ത് ഇലഞ്ഞിപ്പൂക്കൾ വീണു കിടക്കുന്നു. കാറ്റ് വീശിയടിക്കുമ്പോൾ അവയുടെ സുഗന്ധം അവിടമാകെ പരക്കുന്നു. എന്നാൽ അത് പെറുക്കിയെടുത്ത് കളിക്കാൻ റബേക്ക മടിച്ചു. അവളിപ്പോൾ ഇലഞ്ഞിപ്പൂക്കളെ വെറുക്കുന്നു. ഐ-ഫോണിന്റെ മിനുസമുള്ള സ്ക്രീനിൽ തനിക്കേറ്റവുമിഷ്ടപ്പെട്ട റോസാപ്പൂക്കളുടെ ഒരു പാടം തന്നെ തീർക്കാനാകുമ്പോൾ കൊഴിഞ്ഞുവീണ ഇലഞ്ഞിപ്പൂക്കളുടെ നനവ് അവളിൽ ഒരു തരത്തിലുള്ള അസ്വസ്ഥത സൃഷ്ടിച്ചു.മൊബൈൽ സ്ക്രീനിലെ റോസാപ്പൂക്കളുടെ പാടത്തിന്റെ മനോഹാരിത അവൾ ആസ്വദിക്കാൻ തുടങ്ങിയതിൽ പിന്നെയാണ് ഒരു കറുത്ത ഫ്രെയ്മുള്ള റെയ് ബാൻ കണ്ണട അവളുടെ മുഖത്ത് പ്രത്യക്ഷപ്പെട്ടത്. പക്ഷെ ഇപ്പോളവൾ ആ പൂന്തോപ്പിനെയും മറന്നു. അവളിപ്പോൾ ആവേശത്തോടെ വാട്സാപ്പിൽ ഇമോജികളുടെ പാടം തീർക്കുന്നു. അവളുടെ

ചുണ്ടുകളിൽ കാലങ്ങളായി പുഞ്ചിരി വിടരുന്നില്ല. എന്നിട്ടും ചാറ്റുകളിൽ പല തരത്തിലുള്ള ചിരിക്കുന്ന ഇമോജികൾ വിടർന്നു. ഫെയ്സ്ബുക്കിന്റെ ഒരു കോണിലിരുന്ന് അവൾ പല ദിക്കുകളിലുള്ളവരുടെ പോസ്റ്റുകൾക്ക് കമന്റ് ചെയ്തു. സെലിബ്രേറ്റികളുടെ ഇൻസ്റ്റഗ്രാം സ്റ്റോറി കണ്ട് അവൾ സമയം ചിലവഴിക്കുന്നു. ഇപ്പോൾ അവൾക്ക് വികാരങ്ങളില്ല, അവയെല്ലാം അവളുടെ ഐ-ഫോണിന്റെ ചുമരുകൾക്കുള്ളിൽ ഒതുങ്ങിത്തീർന്നു. പിന്നീടെപ്പോഴോ യൂ ട്യൂബിന്റെ വിശാലതയും ഗൂഗിളിന്റെ അനുസരണയും അവൾക്ക് പ്രിയപ്പെട്ടതായി. അവളുടെ കണ്ണടയുടെ തിളങ്ങുന്ന ലെൻസ് മൊബൈൽ സ്ക്രീനിൽ വിരിയുന്ന മഴവിൽ വർണ്ണം പകർത്തി, പുറത്ത് ഇലഞ്ഞിപ്പൂക്കൾ വീണുകൊണ്ടിരുന്നു, കാറ്റ് ചൂളം വിളിക്കുന്നുണ്ടായിരുന്നു.

ഇൻസ്റ്റഗ്രാമിൽ പോസ്റ്റുകളയച്ചിട്ട് ദിവസങ്ങളായി എന്ന ചിന്ത റബേക്കയെ നിരാപ്പെടുത്തി. ഗൂഗിളിനോട് പരിഹാരം ചോദിച്ചപ്പോൾ 'പ്രകൃതി' എന്നാണ് മറുപടി വന്നത്.

ആ വാക്ക് പരിചിതമെങ്കിലും മറവിയുടെ ലോകത്തുനിന്നാണ് ആ വാക്കിൻെറ അർത്ഥം റബേക്ക കണ്ടെത്തിയത്. കണ്ണടക്കള്ളിൽ അവളുടെ കറുത്ത, തിളക്കം മങ്ങിയ കണ്ണുകൾ ജനാലയിലേക്ക് തിരിഞ്ഞു. ജനാലയുടെ പൊടിപിടിച്ച ഗ്ലാസ് അവൾ അമർത്തിത്തുടച്ചു, പുറത്തവൾക്ക് പച്ചയായി എന്തോ കാണാം. അവൾ പൊടുന്നനെ വാതിൽ തുറക്കാൻ ശ്രമിച്ചു. നാളുകളായി അനക്കമില്ലാതായിത്തീർന്ന വാതിൽ ഇപ്പോൾ ഒരു മടുപ്പിക്കുന്ന ശബ്ദത്തോടെ തുറന്നു. "ആ ഇലഞ്ഞിമരം!" റബേക്ക ആവേശത്തോടെ റോഡിലേക്കിറങ്ങി, ഇലഞ്ഞിമരത്തിൻെറ ഒരു മനോഹരമായ ഫോട്ടോ എടുക്കുവാൻ അവൾ മൊബൈലിൻെറ ക്യാമറ കണ്ണുകൾ തുറന്നു. മറു വശത്തുനിന്ന് ഒരു റെഡ് കാർ വരുന്നു, അതിൻെറ ഡ്രൈവർ സീറ്റിലിരിക്കുന്ന വ്യക്തിയുടെ വിരലുകൾ മൊബൈൽ സ്ക്രീനിൽ തുടർച്ചയായി ചലിച്ചുകൊണ്ടിരുന്നു.പെട്ടെന്ന് ഒരു അമർത്തിപ്പിടിച്ച ബ്രേക്കോടെ വണ്ടി നിന്നു. റബേക്കക്കു ചുറ്റും മനോഹരിതയില്ലാത്ത ഒരു ആൾക്കൂട്ടം. റബേക്ക തൻെറ റെയ്ബാൻ കണ്ണടയ്ക്കായി

പരതി. ചോരപ്പാടുകളുള്ള അവളുടെ വിരലുകൾക്ക് അത് കണ്ടെത്താനായില്ല.ആൾക്കൂട്ടത്തിന്റെ കൈകളിലിരുന്ന മൊബൈൽ ഫോണിന്റെ ഫ്ലാഷ് ലൈറ്റുകൾ തെളിഞ്ഞുകൊണ്ടിരുന്നു. ആരോ അവളെ താങ്ങിയെടുത്തു.

കാറ്റിൽ ഇലഞ്ഞിപ്പൂക്കൾ വീണുകൊണ്ടിരുന്നു. റോഡിൽ രക്തവർണ്ണം അതിനു മുകളിലായി വന്നു വീണ ഇലഞ്ഞിപ്പൂക്കളിൽ വീണ്ടും ഒരു ഫ്ലാഷ്, ആരോ ഫെയ്സ്ബുക്കിൽ പോസ്റ്റ് ചെയ്തു "**ഇലഞ്ഞിപ്പൂക്കൾ.**"



# VOTE OF THANKS.

*We extend our gratitude towards our honourable Headmistress Smt. Lisy Joseph for her valuable support and guidance for the completion of the magazine,We also remember the members of the little kites and IT instructor Smt Sindhu Teacher for the immense help showered on us .And we remember all the members of St Thomas HS family..*

